മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സെഷനിൽ തന്നെ ഇക്കാര്യത്തെക്കുറിച്ച് വിശദീകരിച്ചിട്ടുള്ളതാണ്. ജയിലിലെ 1538–ാം നമ്പറുകാരനായ സനൽകുമാർ ഒരു പരാതി മജിസ്ട്രേട്ടിനും ജില്ലാ കോടതിക്കും കൊടുത്തു. ജില്ലാ ജഡ്ജി ജയിൽ വിസിറ്റ് ചെയ്തിട്ട് അദ്ദേഹത്തിന്റെ ഫൈൻഡിംഗ്സ് തന്നിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കുടുംബത്തിലുള്ള ആളുകളും സർവ്വീസിലുണ്ട്. അതുകൊണ്ട് ആ ഉദ്യോഗസ്ഥൻമാരെല്ലാം മാർക്സിസ്റ്റുകാരാണെന്ന് പറയാൻ ഞാൻ തയ്യാറല്ല. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ച് ഫൈൻഡിംഗ്സ് കിട്ടിക്കഴിഞ്ഞാലുടനെ നടപടി സ്വീകരിക്കാം.

## IV. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986–ലെ കേരള സിവിൽ കോടതി ഭേദഗതി ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സർ, 1986–ലെ കൊച്ചി ശാസ്ത്ര–സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

*Minister for Transport* **Sri. P. K. Velayudhan:** Sir, I preseht the report of the Subject Committee on the Kerala Tolls (Amendment) Bill, 1986.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 1986–ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (i) റിപ്പോർട്ട് പരിഗണന

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31–ാമത്തെ റിപ്പോർട്ട് അംഗീകരിയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (ii) അനൗദ്യോഗിക ബില്ലുകൾ

### 1984–ലെ കേരള കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, 1984–ലെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്) ഒരു സെലക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെട്ടിട്ടുള്ള ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്. കൂടാതെ തൊഴിലാളികളും കരികൽ പൊട്ടിക്കുന്ന കരികൽ തൊഴിലാളി, ആ കരികൽ ചെറിയ ചല്ലിയാക്കി മാറ്റുന്ന തൊഴിലാളി അതുപോലെതന്നെ ക്വാറിൽ നിന്നും മണൽ കോരി കെട്ടിട നിർമ്മാണ സൈറ്റിൽ എത്തിക്കുന്ന മണലൂറ്റുകാരൻ തുടങ്ങി മേസൻട്രി പണിചെയ്യുന്ന തൊഴിലാളികൾവരെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ചിന്നിച്ചിതറി കിടക്കുന്നുണ്ട്. വാസ്തവത്തിൽ അവർക്ക് ഒരു സംഘടിതസ്വഭാവം നമ്മുടെ സംസ്ഥാനാടിസ്ഥാനത്തിലുണ്ടോ എന്നു ചോദിച്ചാൽ, അവരെ സംഘടിപ്പിക്കുന്നതിന് വിവിധ രാഷ്ട്രീയ പാർട്ടികളും, ട്രേഡ് യൂണിയൻ സംഘടനകളും ഒക്കെ ശ്രമം നടത്തുന്നുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലും പണിയെടുക്കുന്ന, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ തരത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു കേന്ദ്രീകൃത സംഘടന സുശക്തമായി ഇന്ന് നിലവിലില്ല. കെട്ടിടം പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ പിന്നെ പ്ലമ്പിംഗ് പ്രവർത്തനങ്ങളും അതിന്റെ മിനുക്കുപണികളും നടത്തുന്ന സ്കിൽഡ് തൊഴിലാളികളുണ്ട്. ശാസ്ത്രീയമായി ഈ കാര്യങ്ങൾ അഭ്യസിച്ചിട്ടുള്ള സ്കിൽഡ് വർക്കേഴ്സുണ്ട്. അങ്ങനെ സ്കിൽഡ് വർക്കേഴ്സും അൺസ്കിൽഡ് വർക്കേഴ്സുമായി പതിനായിരക്കണക്കിന് ആളുകൾ തൊഴിലെടുക്കുന്ന ഒരു മേഖലയാണ് ഇത്. അങ്ങനെ പണിയെടുക്കുന്ന ആളുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം, അവരുടെ സേവന–വേതന വ്യവസ്ഥകളിൽ സ്ഥിരം സ്വഭാവമുണ്ടാകണം. ഒരു വർഷം, 365 ദിവസത്തിൽ 250–300 ദിവസമെങ്കിലും തൊഴിൽ കിട്ടണം. ഇങ്ങനെയുള്ള വിവിധ ആവശ്യങ്ങളാണ് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ളത്. ഈ കെട്ടിട നിർമ്മാണ തൊഴിലാളികളിൽത്തന്നെ ഒരു വലിയ വിഭാഗം തൊഴിലാളികൾ ഗവൺമെന്റ് ബിൽഡിംഗ്സിന്റെ പണികളിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ പണിയുന്നതിൽത്തന്നെ ഒരു വലിയ വിഭാഗം ആളുകൾ ഏർപ്പെട്ടിട്ടുണ്ട്. സർക്കാർ കോൺട്രാക്ടർമാരുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും സർക്കാരിന്റെ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും എങ്ങനെ നിയമനിർമ്മാണം നടത്തുമെന്നുള്ള കാര്യങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ സ്വകാര്യമായി കെട്ടിടങ്ങൾ പണിയുന്ന കെട്ടിടനിർമ്മാണത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലുമുണ്ട്. സ്വന്തമായി വീടുവയ്ക്കുന്ന ആളുകൾ, ആ വീടുപണിയിൽ ഏർപ്പെട്ടിരിക്കുന്ന കരികൽ പൊട്ടിക്കുന്നവർ മുതൽ അവസാനത്തെ മിനുക്കുപണിയായ പെയിന്റിംഗ് ചെയ്യുന്ന സ്കിൽഡ് തൊഴിലാളികൾ വരെയുള്ള ആളുകളെ സംബന്ധിച്ച് ഓരോരുത്തർക്കും അവരുടെ ജോലികളിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് ഓരോ വിഭാഗത്തിനുംവേണ്ടി എന്തെല്ലാം കാര്യങ്ങൾ നിയമപരമായി ചെയ്തു കൊടുക്കാമെന്ന് ആലോചിക്കണം.

(ചർച്ച തുടരും)

## 1985–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

(ശ്രീ.സി.ടി. കൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. സി.ടി. കൃഷ്ണൻ: സർ, 1985–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly